**അനുബന്ധം-1**

<u>13-07-2022-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 243-ന്റെ ഉപചോദ്യത്തിലെ ഉത്തരത്തിന്റെ ബാക്കിഭാഗം</u>

കാഴ്ചപരിമിതിയുള്ള കുട്ടികൾക്കായി ശബ്ദപാഠങ്ങൾ തയ്യാറാക്കി ബി.ആർ.സി.കളിലെ ഓൺലൈൻ കൂട്ടായ്മവഴി വിനിമയം ചെയ്യുന്നു. ശ്രുതിപാഠം ഇത്തരത്തിലുള്ള ഒരു പരിപാടിയാണ്. ഓരോ പ്രത്യേക പരിഗണന ആവശ്യമായ കുട്ടിക്കും വ്യക്തിഗത പിന്തുണ ഉറപ്പാക്കുന്നതിന് സമഗ്ര ശിക്ഷ കേരളയ്ക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക സംഗമം 2022 പത്തുവർഷത്തെ നീണ്ട ഇടവേളയ്ക്കുശേഷം ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും വേണ്ടി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 45 സവിശേഷ വിദ്യാലയങ്ങളിലെ മുഴുവൻ അദ്ധ്യാപകർക്കും മൂന്ന് ദിവസത്തെ അവധിക്കാല അദ്ധ്യാപക സംഗമം റെസിഡൻഷ്യൽ രീതിയില മെയ് 25, 26, 27 തീയതികിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.ടി.യുടെയും നേതൃത്വത്തിൽ നടപ്പിലാക്കി. സ്പെഷ്യൽ സ്കൂളുകളിലെ ചിത്രകല, പ്രവൃത്തിപരിചയം, കായിക വദ്യാഭ്യാസം, സംഗീതം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കും

പ്രത്യേകം ഗ്രൂപ്പുകളായി തിരിച്ച് പരിശീലനം നൽകി. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സവിശേഷ വിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി, സെക്കണ്ടറി, പ്രീ-വൊക്കേഷണൽ വിഭാഗങ്ങൾക്കായി പാഠ്യപദ്ധതി രൂപീകരണവും തുടർന്നു, സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക പരിശീലനവും നൽകി. സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ക്രോസ് -ഡിസ്എബിലിറ്റി ട്രെയിനിംഗ് നൽകിയിട്ടുണ്ട്. കൂടാതെ 2022-23 പദ്ധതി വർഷത്തിൽ സ്കൂളുകളുടെ പശ്ചാത്തല സൗകര്യം ഭിന്നശേഷി സൗഹൃദമാക്കുന്നതിനും കുട്ടികൾക്ക് അത്യാവശ്യമായ തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി മോഡൽ ഇൻക്ലൂസീവ് സ്കൂൾ എന്നപേരിൽ ഒരു പദ്ധതികൂടി ആവിഷ്കരിച്ചിട്ടുണ്ട്. അടുത്ത വർഷം മുതൽ എസ്.എസ്.എൽ.സി.ക്ക് ഭിന്നശേഷിക്കാരായ എല്ലാ വിദ്യാർത്ഥികൾക്കും 25 ശതമാനം ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. ഇത് ഹയർ സെക്കണ്ടറിയിലേയ്ക്കുകൂടി ഏർപ്പെടുത്താൻ ആലോചനയുണ്ട്.

***********